## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4305. 17.05.2017 -ലെ മറുപടിക്ക്.

### ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കൽ

ചോദ്യം

**ശ്രീ.കെ.മുരളീധരൻ**
**ശ്രീ.ഹൈബി ഈഡൻ**
**ശ്രീ.പി.ടി.തോമസ്**
**ശ്രീ.അടൂർ പ്രകാശ്:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് അംഗത്വം രജിസ്ട്രേഷനും, കാർഡ് പുതുക്കലും അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രമേ നടപ്പാക്കാവൂ എന്ന് 2012 -ൽ ഉത്തരവായിരുന്നോ; | (എ) 16/05/2012- ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.70/2012/തൊഴിൽ പ്രകാരം ആർ.എസ്.ബി.വൈ/ചിസ് ആരോഗ്യ കാർഡ് അംഗത്വ രജിസ്ട്രേഷനും, കാർഡ് പുതുക്കലും അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തണം എന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഈ വർഷം കാർഡ് പുതുക്കൽ കരാർ റിലയൻസിന് നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ? | (ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ഇ-ടെണ്ടർ വഴി നടപ്പ് സാമ്പത്തിക വർഷം ആർ.എസ്.ബി.വൈ പദ്ധതിക്ക് വേണ്ടി ടെണ്ടർ നൽകിയത് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്കാണ്. ആർ.എസ്.ബി.വൈ കാർഡ് വിതരണം,ടെണ്ടർ ലഭിച്ച ഇൻഷ്വറൻസ് കമ്പനിയുടെ പൂർണ്ണ ഉത്തരവാദിത്തമാണ്. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ആർ.എസ്.ബി.വൈ യുടെ ടെണ്ടർ മാനദണ്ഡങ്ങൾ പ്രകാരം ഇൻഷ്വറൻസ് കമ്പനിക്കോ അവരുടെ പ്രതിനിധിക്കോ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്മാർട്ട് കാർഡ് സേവന ദാതാവിനെ മാത്രമെ ആരോഗ്യ കാർഡ് പുതുക്കുന്ന നടപടികൾ ഏൽപിക്കാൻ സാധിക്കുകയുള്ളൂ. തിരഞ്ഞെടുത്ത ഇൻഷ്വറൻസ് സേവന ദാതാവ് ഈ വർഷം കാർഡ് പുതുക്കുന്നതിനായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്മാർട്ട് കാർഡ് സേവന ദാതാക്കളെ മാത്രമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br>നിലവിൽ അക്ഷയ കേന്ദ്രങ്ങൾക്കു ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചതായി അറിവില്ല. |

സെക്ഷൻ ഓഫീസർ